**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** **04-02-2026 - ൽ മറുപടിയ്ക്ക്**

**കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള ഹബ്ബാക്കി മാറ്റുന്നതിന് വേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു:<br><br>**<u>സ്റ്റഡി ഇൻ കേരള</u>**<br><br>അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻ സമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ കണക്കിലെടുത്ത് കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.<br><br>**<u>സെന്റർ ഓഫ് എക്സലൻസ്</u>**<br><br>ഉന്നതവിദ്യാഭ്യാസ മേഖലയുടെ പുരോഗമനപരമായ പരിഷ്കരണത്തിനും ഗവേഷണ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും സഹായകരമാകുന്നതിന് കേരള, മഹാത്മാഗാന്ധി, കുസാറ്റ് സർവകലാശാലകളിൽ താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിന് 20.04.2023 തീയതിയിലെ G.O.(Rt) No.576/2023/HEDN പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>1. Thanu Padmanabhan Centre of Excellence in Astronomy and Astrophysics (in the Campus of the<br>University of Kerala)<br><br>2. Centre of Excellence in<br>Neurodegeneration and Brain Health (in the |

campus of Cochin University of Science and Technology)

3. Centre of Excellence in
Nanoscience & Nanotechnology (in the Campus of Mahatma Gandhi
University)

കൂടാതെ, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ചുവടെ പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിന് 22.07.2024 തീയതിയിലെ G.O.(Rt)No.897/2024/HEDN പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

1. Centre of excellence for Teaching, Learning and Training

2. Kerala Institute for Science, Technology and Innovation (KISTI)
3. Kerala Institute of Advanced Studies (KIAS)
4. Kerala Network for Research-Support in Higher Education (KNRSHE)
5. Centre for Indigenous Peoples Education (CIPE)

6. The Kerala Institute for Gender Equality (KIGE)

7. Kerala Language Network (KLN)

**<u>നാലുവർഷ ബിരുദ പ്രോഗ്രാം</u>**

ഡോ.സുരേഷ്ദാസ് അധ്യക്ഷനായ കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 8 (എട്ട്) സർവ്വകലാശാലകളിലും 850 തോളം കോളേജുകളിലും 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും ഉന്നത പഠന-ഗവേഷണ മേഖലകളിൽ പ്രവേശിക്കുന്നതിനും അനുയോജ്യമായ പഠനപാതകൾ ഒരുക്കുന്ന തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാം (FYUGP) രൂപകൽപ്പന ചെയ്തിരിക്കുന്നത്. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ തുടർച്ചയായി പി.ജി. കരിക്കുലവും പരിഷ്കരിക്കുന്നതിനുള്ള ചട്ടക്കൂട് രൂപീകരിച്ചു.

**<u>കെ-റീപ്പ്</u>**

സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ K-REAP എന്ന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. K-REAP ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും.

**<u>ഏകീകൃത അക്കാദമിക് കലണ്ടർ</u>**

ഓരോ അധ്യയന വർഷത്തെയും പ്രോഗ്രാമുകളുടെ വിജ്ഞാപനം മുതൽ അഡ്മിഷൻ, ക്ലാസുകൾ, പരീക്ഷ നടത്തിപ്പ്, ഫല പ്രസിദ്ധീകരണം തുടങ്ങിയ കാര്യങ്ങൾ കാലവിളംബം കൂടാതെയും വിദ്യാർഥികൾക്ക്സ മയനഷ്ടം വരാതെയുമുള്ള രീതിയിൽ ആസൂത്രണം ചെയ്യുന്നതിനായി ഏകീകൃത അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുന്നുണ്ട്.

**<u>ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്</u>**

ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ (CUSAT) വച്ച് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. സർക്കാരും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ചേർന്നാണ് ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ : ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ എന്ന പേരിൽ ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് നടത്തിയത്.

**<u>സ്കോളർ കണക്റ്റ് ഡിജിറ്റൽ സംവിധാനം:</u>**

പ്രവാസി അക്കാദമിക സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല ശാക്തീകരിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് സ്കോളർ കണക്റ്റ്. ലോകമെമ്പാടുമുള്ള സർവ്വകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന കേരളീയ വംശജരായ അക്കാഡമിക് വിദഗ്ധരെയും പ്രൊഫഷണലുകളെയും കേരളത്തിലെ സർവ്വകലാശാലകളുമായും കോളേജുകളുമായും ബന്ധിപ്പിക്കുകയെന്നതാണ് സ്കോളർ കണക്റ്റ് വിഭാവനം ചെയ്യുന്നത്. പ്രവാസികളായ പണ്ഡിതരെയും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളെയും ഒരുമിച്ച് പ്രവർത്തിക്കാൻ സഹായിക്കുന്ന മൊബൈൽ, വെബ്പ്ലാറ്റ്ഫോം വഴി സ്കോളർ കണക്റ്റ് പ്രവർത്തിക്കുന്നു. ഓൺലൈൻ, ഓഫ് ലൈൻ രീതികളിലുള്ള ഗസ്റ്റ് പ്രഭാഷണങ്ങൾ, ഗവേഷണ സഹകരണങ്ങൾ, പാഠ്യപദ്ധതി വികസനം, അറിവ് പങ്കിടൽ എന്നിവ ഇത് പ്രാപ്തമാക്കുന്നു. തുല്യപ്രാപ്യതയാണ് ഒരു പ്രധാന സവിശേഷത. ഗ്രാമീണ കോളേജുകൾക്കും പ്രമുഖ സർവ്വകലാശാലകൾക്കും പ്രവാസി പണ്ഡിതരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ കഴിയും. അക്കാദമിക് അന്താരാഷ്ട്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ഗവേഷണ ദൃശ്യത വർദ്ധിപ്പിക്കുകയും വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുകയും വിദേശത്ത് കേരളത്തിന്റെ അക്കാദമിക് സാന്നിധ്യം വളർത്തുകയും കേരളത്തെ ആഗോള ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുകയും ചെയ്യുന്ന പ്രഥമ ചുവടുവയ്പ്പാണ് സ്കോളർ കണക്റ്റ് പദ്ധതി.

**<u>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:</u>**

സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് 'എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ്'

**<u>ബ്രെയിൻ ഗെയിൻ :</u>**

വിദേശങ്ങളിലുള്ള മലയാളികളായ ശാസ്ത്രജ്ഞർ, സാമൂഹ്യ ശാസ്ത്രജ്ഞർ, മാനവിക വിദഗ്ധർ, മെഡിക്കൽ പ്രൊഫഷണലുകൾ, സാങ്കേതിക വിദഗ്ധർ, മാനേജ്മെന്റ് സ്പെഷ്യലിസ്റ്റുകൾ തുടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക്, ഗവേഷണ വികസനത്തിനായി ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തോടെ
ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ.

**<u>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക്</u>**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗവേഷണ നിലവാരം, അദ്ധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന

വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വികസിപ്പിച്ചെടുത്തതാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF). സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗിൽ പങ്കെടുക്കാൻ സജ്ജമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**ഡിജികോൾ (DIGICOL):-**

ആഗോള വിദ്യാഭ്യാസ രംഗം ഡിജിറ്റൽ മാറ്റത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ, കേരളം 'Let's Go Digital', 'DIGICOL' എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് 2021 മുതൽ തുടക്കം കുറിച്ചു. ആധുനികവും നൂതനവുമായ അധ്യാപന-പഠന രീതികൾ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൊണ്ടുവരിക, അധ്യാപകരുടെ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ അഭിരുചി മെച്ചപ്പെടുത്തൽ എന്നിവയിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും മികച്ചതും നവീനവുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതികളുടെ ആത്യന്തികമായ ലക്ഷ്യം. ഈ പദ്ധതി നടപ്പാക്കിയതോടെ ഇതിനകം 6000 - ത്തിലധികം അധ്യാപകർക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞു.

**കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്):**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ പ്രവർത്തനം ആരംഭിച്ച കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network - KALNET) വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ്.

**Higher Education Matters- പ്രസിദ്ധീകരണം:**

ഉന്നത വിദ്യാഭ്യാസ രംഗത്ത് ലോകമെമ്പാടും സംഭവിച്ചു കൊണ്ടിരിക്കുന്ന അതിനൂതനമായ പ്രവണതകളും, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സമകാലിക പ്രവർത്തനങ്ങളും നേട്ടങ്ങളും ഷോകേസ് ചെയ്യുന്ന ഒരു മാസികയാണ് ഹയർ എജ്യൂക്കേഷൻ മാറ്റേഴ്സ്.

| | | | |
|---|---|---|---|
| | | | **<u>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:</u>**<br><br>നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണ പദ്ധതിയാണിത്.<br><br>**<u>കൈരളി ഗവേഷണ പുരസ്കാരങ്ങൾ:</u>**<br><br>ഗവേഷണ രംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ.<br><br>**<u>ഇ-ജേർണൽ കൺസോർഷ്യം</u>**<br><br>സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസത്തിനായി അന്യസംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിക്കുന്ന പുതിയ തലമുറയ്ക്കായി കേരളത്തിൽ തന്നെ കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | സ്റ്റഡി ഇൻ കേരള, നാലുവർഷ ബിരുദ പ്രോഗ്രാം, സെന്റർ ഓഫ് എക്സലൻസ്:, ബ്രെയിൻ ഗെയിൻ, K-REAP, കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്), സ്കോളർ കണക്ട് ഡിജിറ്റൽ സംവിധാനം, എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയും ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കോൺക്ലേവുകൾ സംഘടിപ്പിക്കുന്നതിലൂടെയും വിദേശ വിദ്യാർഥികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും, കേരളത്തിലെ വിദ്യാർഥികളെ ഇവിടെ നിലനിർത്തുന്നതിനും സാധിക്കുന്നതാണ്.<br><br>കൂടാതെ, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ National Institutional Ranking Framework ൽ കേരളത്തിലെ പ്രമുഖ സർവകലാശാലകളും, വിവിധ കോളേജുകളും മികച്ച സ്ഥാനങ്ങൾ കൈവരിച്ചത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് വിദ്യാർഥികളെ ആകർഷിക്കാൻ സഹായകരമാണ്. |
| (സി) | പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ | (സി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവരുന്നവർക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ പോലുള്ള വിവിധ ഏജൻസികളുമായി |

| | | | |
|---|---|---|---|
| | മുന്നോട്ടുവരുന്നവർക്ക് തടസ്സങ്ങളില്ലാതെ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | | ചേർന്നുകൊണ്ട് ആവശ്യമായ പ്രോത്സാഹനം സർവകലാശാലകൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ